**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5573** **03-11-2021 - ൽ മറുപടിയ്ക്ക്**

**ഭൂമി അക്വയർ ചെയ്യുന്നതിന് സർക്കാർ ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ.കെ. അക്ബർ** | | **Shri M. V. Govindan Master**<br>**(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആശുപത്രികൾ, സ്കൂളുകൾ, കൃഷിഭവനുകൾ തുടങ്ങി കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ വികസനത്തിനായി ഭൂമി അക്വയർ ചെയ്യുന്നതിന് സർക്കാർ ഫണ്ട് അനുവദിയ്ക്കുന്നത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വികസനഫണ്ട്, തനത് ഫണ്ട് എന്നിവ ഉപയോഗിച്ചും സംസ്ഥാന ബഡ്ജറ്റിലെ വിഹിതം ഉപയോഗിച്ചും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ വികസനത്തിനായി ഭൂമി അക്വയർ ചെയ്യുന്നതിന് തുക വകയിരുത്താറുണ്ട്. ഫണ്ട് അപര്യാപ്തതയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ സമർപ്പിയ്ക്കുന്ന പക്ഷം ആയത് പരിശോധിച്ച് ഫണ്ട് അനുവദിയ്ക്കുന്ന കാര്യം തീരുമാനിക്കുന്നതാണ്. |
| (ബി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്റ്റേഡിയം, മാർക്കറ്റുകൾ, അറവുശാലകൾ, മാലിന്യ സംസ്കരണ സംവിധാനങ്ങൾ തുടങ്ങിയവയുടെ വികസനത്തിന് ഭൂമി അക്വയർ ചെയ്യേണ്ടി വരുന്ന സാഹചര്യത്തിൽ സർക്കാർ ഫണ്ട് അനുവദിക്കുമോ; ആയതിന് സ്വീകരിയ്ക്കേണ്ട നടപടികൾ വിശദീകരിക്കാമോ? | (ബി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഭൂമി അക്വയർ ചെയ്യേണ്ടി വരുന്ന സാഹചര്യത്തിൽ സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ ലഭിയ്ക്കുന്ന പക്ഷം ആയത് ധനകാര്യ വകുപ്പുമായി കൂടിയാലോചിച്ച് ഫണ്ട് അനുവദിക്കുന്ന കാര്യം സർക്കാർ തീരുമാനിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ